**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 510

25.10.2016- ൽ മറുപടിക്ക്

## കൺസ്യൂമർഫെഡിന്റെ സാമ്പത്തികനില

| **ചോദ്യം** | **മറുപടി** |
| --- | --- |
| **ശ്രീമതി.പി. അയിഷാ പോറ്റി**<br>**ശ്രീ. എ.എം. ആരിഫ്**<br>**,, സി.കൃഷ്ണൻ**<br>**,, എം. രാജഗോപാലൻ** | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കൺസ്യൂമർഫെഡിന്റെ സാമ്പത്തികനിലയെക്കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്. കേരള സംസ്ഥാന സഹകരണ കൺസ്യൂമർ ഫെഡറേഷനിൽ നിലവിലുള്ള സാമ്പത്തിക നില പ്രകാരം ബാങ്ക് വായ്പ, പലിശ എന്നീ ഇനങ്ങളിലായി 491.15 കോടി രൂപയും സ്ഥിര നിക്ഷേപം സ്വീകരിച്ചിട്ടുള്ളത് തിരികെ നൽകുവാനുള്ളത് മുതലും പലിശയുമായി 180.56 കോടി രൂപയും നീതി, ത്രിവേണി, മെഡിക്കൽ എന്നീ വിഭാഗങ്ങളിൽ സാധനങ്ങൾ സപ്ലൈ ചെയ്ത വകയിൽ സപ്ലൈയർമാർക്ക് 234.63 കോടി രൂപയും നൽകുവാനുണ്ട്. സർക്കാർ/എൻ.സി.ഡി.സി വായ്പ, പലിശ ഇനങ്ങളിലായി 121.09 കോടി രൂപയും വിവിധ സ്ഥാപനങ്ങളിൽ നിന്നും ഓഹരി മൂലധനമായി സ്വീകരിച്ചിട്ടുള്ള 56.60 കോടി രൂപയും ചേർത്ത് ആകെ 1084.03 കോടി രൂപ ഫെഡറേഷന് ബാദ്ധ്യതയുണ്ട്. |
| (ബി) | മുൻ സർക്കാരിന്റെ കാലത്ത് ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും സ്ഥാപനത്തിന്റെ നിലനിൽപ്പ് തന്നെ ഇല്ലാതാക്കാൻ പോന്ന തരത്തിൽ അഴിമതിയുണ്ടായതായ ആക്ഷേപത്തെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | കൺസ്യൂമർ ഫെഡറേഷനിൽ സഹകരണ വകുപ്പ് നടത്തിയ പരിശോധനയിൽ അഴിമതി നടന്നിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ് 65 പ്രകാരം അന്വേഷണത്തിന് ഉത്തരവിടുകയും ഈ അന്വേഷണം നടന്നുവരികയുമാണ്. അന്വേഷണ ഉദ്യോഗസ്ഥർ നൽകിയ ഇടക്കാല റിപ്പോർട്ടിൽ അഴിമതി നടത്തിയതായി കണ്ടെത്തിയവർക്കെതിരെ തുടർ നടപടി സ്വീകരിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ 11/79 സർക്കുലർ പ്രകാരം |

| | | | |
|---|---|---|---|
| | | | വിവരങ്ങൾ പോലീസ് വകുപ്പിന് കൈമാറിയിട്ടുണ്ട്. 65-ാം വകുപ്പ് പ്രകാരമുള്ള അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയതിൽ കുറ്റക്കാർ എന്ന് തെളിയുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; ഇതിനായി സർക്കാർ തലത്തിൽ എന്തൊക്കെ സഹായങ്ങൾ നൽകുമെന്ന് അറിയിക്കുമോ? | (സി) | കൺസ്യൂമർ ഫെഡറേഷൻ വിപണിയിലെ ഇടപെടലുകൾക്കായി പ്രാഥമിക സഹകരണ സംഘങ്ങളിൽ 1500 മുതൽ 2000 വരെ നീതി വിപണന കേന്ദ്രങ്ങളോ, സൂപ്പർ മാർക്കറ്റുകളോ, പൊതു വിതരണ കേന്ദ്രങ്ങളോ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് തയ്യാറാക്കി വരുന്നത്. ഇപ്രകാരം ആരംഭിക്കുന്ന സ്ഥാപനങ്ങളിലേക്ക് ആവശ്യമായി വരുന്ന സാധനങ്ങൾ ഇ-ടെൻഡർ മുഖേന വാങ്ങി വിതരണം ചെയ്യുന്ന പദ്ധതിയും തയ്യാറാക്കിയിട്ടുണ്ട്. പർച്ചേസ് സംബന്ധമായ ഇടപാടുകൾ സുതാര്യമാക്കുന്നതിനായി പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെക്കൂടി ഉൾപ്പെടുത്തി പർച്ചേയ്സ് കമ്മിറ്റികൾക്ക് രൂപം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിനുപുറമെ പൊതുജനങ്ങൾക്ക് ഗുണകരമാകുന്ന രീതിയിൽ നീതി മെഡിക്കൽ ശൃംഖല വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. ഫെഡറേഷന്റെ ഭരണ ചെലവുകൾ കുറയ്ക്കുന്നതിനായി 2500 ഓളം അധിക ദിവസവേതനക്കാരെ ഒഴിവാക്കിയിരുന്നു. അനാവശ്യമായി എടുത്തിരുന്ന ഗോഡൗണുകളും ആഫീസുകളും ഒഴിവാക്കുന്നതിനും, വിവിധ ഗോഡൗണുകളിൽ കെട്ടിക്കിടക്കുന്ന കേടായ സാധനങ്ങൾ വിറ്റഴിക്കുന്നതിനും, ഉപയോഗപ്രദമല്ലാത്ത വാഹനങ്ങളും, കേടുപാടായ വാഹനങ്ങളും ലേലം ചെയ്തു വിൽക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൺസ്യൂമർ ഫെഡറേഷൻ പുനരുദ്ധാരണത്തിനായി തയ്യാറാക്കിയ പദ്ധതികൾ പരിശോധിച്ചശേഷം തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ